**ചരമോപചാരം**

<u>ഇ. ശങ്കരൻ, എ. യൂനസ് കുഞ്ഞ്, ലതാ മങ്കേഷ്കർ എന്നിവരുടെ നിര്യാണം</u>

<u>മി. സ്പീക്കർ</u>: മുൻ നിയമസഭാംഗങ്ങളായ ഇ. ശങ്കരൻ 2022 ജനുവരി 22-നും എ. യൂനസ് കുഞ്ഞ് 2022 ഫെബ്രുവരി 3-നും പ്രശസ്ത ഗായിക ലതാ മങ്കേഷ്കർ 2022 ഫെബ്രുവരി 6-നും അന്തരിച്ചു.

<u>ഇ. ശങ്കരൻ</u>

മുൻ എം.എൽ.എ.-യും സി.പി.ഐ.(എം.) തൃത്താല ഏരിയാ കമ്മിറ്റിയംഗവുമായിരുന്ന ഇടപ്പറമ്പിൽ ശങ്കരൻ 2022 ജനുവരി 22-ന് അന്തരിച്ചു.

തൃത്താല തച്ചറംകുന്ന് ഇടപ്പറമ്പിൽ കോത-ഇടപ്പറമ്പിൽ നീലി ദമ്പതികളുടെ മകനായി 1936 മേയ് 5-ന് ഇ. ശങ്കരൻ ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസം മാത്രം നേടിയിട്ടുള്ള അദ്ദേഹം കെ.എസ്.കെ.ടി.യു. ജില്ലാ കമ്മിറ്റിയംഗം, എൻ.ജി.ഒ. യൂണിയൻ ജില്ലാ കമ്മിറ്റിയംഗം, പി.കെ.എസ്. ജില്ലാ കമ്മിറ്റിയംഗം, മലബാർ ദേവസ്വം ബോർഡംഗം, കേരള സ്റ്റേറ്റ് സർവീസ് പെൻഷനേഴ്സ് യൂണിയൻ തൃത്താല ബ്ലോക്ക് പ്രസിഡന്റ് എന്നീ

നിലകളിൽ പ്രവർത്തിച്ചു. ഒൻപതാം കേരള നിയമസഭയിൽ തൃത്താല നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ചു.

സർക്കാർ ജോലി രാജിവച്ച് തെരഞ്ഞെടുപ്പിൽ മത്സരിച്ച് ജയിച്ച അദ്ദേഹം തന്റെ ലളിതജീവിതംകൊണ്ട് ശ്രദ്ധേയനായിരുന്നു. തൃത്താല മണ്ഡലം രൂപംകൊണ്ടതിനുശേഷം ആദ്യമായി എൽ.ഡി.എഫ്. പ്രതിനിധിയായത് ഇ. ശങ്കരനാണ്. മികച്ച ബഹുജനബന്ധവും ജനസ്വീകാര്യതയുമാണ് ഇ. ശങ്കരന്റെ വിജയത്തിന് അടിസ്ഥാനമായത്. 1991 മുതൽ 96 വരെയുള്ള അഞ്ചുവർഷം എം.എൽ.എ. എന്ന നിലയിൽ മികവാർന്ന പ്രവർത്തനം അദ്ദേഹം കാഴ്ചവച്ചു. അദ്ദേഹത്തിന്റെ നിഷ്കളങ്കമായ പെരുമാറ്റവും ലാളിത്യവും എതിരാളികൾക്കിടയിലും മതിപ്പുളവാക്കിയിരുന്നു.

ഇ. ശങ്കരന്റെ വേർപാടിലൂടെ ജനപ്രതിനിധിയെന്ന നിലയിൽ തന്റെ ജീവിതംകൊണ്ടും നേതൃശേഷികൊണ്ടും അടയാളപ്പെടുത്തിയ ഒരു വലിയ മനുഷ്യനെയാണ് നമുക്ക് നഷ്ടമായത്.

<u>എ. യൂനുസ് കുഞ്ഞ്</u>

മുൻ എം.എൽ.എ.-യും മുതിർന്ന മുസ്ലീംലീഗ് നേതാവുമായിരുന്ന എ. യൂനുസ് കുഞ്ഞ് 2022 ഫെബ്രുവരി 3-ന് അന്തരിച്ചു.

അബ്ദുള്ള കുഞ്ഞ്-ഫാത്തിമ ബീവി ദമ്പതികളുടെ മകനായി 1941 ജൂലൈ 1-ന് എ. യൂനുസ് കുഞ്ഞ് ജനിച്ചു. ആദ്യകാലത്ത് സോഷ്യലിസ്റ്റ് പാർട്ടി പ്രവർത്തകനായിരുന്ന എ. യൂനുസ് കുഞ്ഞ്, 1970-ന്റെ തുടക്കത്തിലാണ് ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗിന്റെ സജീവ പ്രവർത്തകനായത്. വിമോചനസമര കാലഘട്ടത്തിൽ സി. എച്ച്. മുഹമ്മദ് കോയയുടെ പ്രസംഗം കേട്ട് മുസ്ലീംലീഗിലേയ്ക്ക് ആകർഷിക്കപ്പെട്ട അദ്ദേഹം പിന്നീട് മുസ്ലീംലീഗിന്റെയും തൊഴിലാളി സംഘടനയായ എസ്.ടി.യു.-വിന്റെയും വേരുകൾ കൊല്ലം ജില്ലയിൽ പടർത്തുന്നതിൽ നിർണ്ണായക പങ്കുവഹിച്ചിട്ടുണ്ട്.

നാട്ടുകാർക്കിടയിൽ പ്രവർത്തിച്ച് വടക്കേവിള പഞ്ചായത്തംഗവും പഞ്ചായത്ത് പ്രസിഡന്റുമായ അദ്ദേഹം പുതിയതായി രൂപംകൊണ്ട കൊല്ലം ജില്ലാ പഞ്ചായത്തിൽ ഇരവിപുരം ഡിവിഷനിൽനിന്നുള്ള ആദ്യ അംഗമായി. പിന്നീട് കൊല്ലം കോർപ്പറേഷൻ കൗൺസിലറായ എ. യൂനുസ് കുഞ്ഞ് 1991-ൽ മലപ്പുറം നിയമസഭാമണ്ഡലത്തിൽനിന്നും വിജയിച്ച് എം.എൽ.എ.യായി. ഉപജീവനത്തിനായി പൊരിവെയിലേറ്റ് വാടുന്ന വഴിയോര കച്ചവടക്കാർക്കായി അദ്ദേഹം നിയമസഭയിൽ നടത്തിയ

പ്രസംഗങ്ങൾ ചരിത്രത്തിന്റെ ഭാഗമാണ്. കാഷ്യൂ എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ വൈസ് ചെയർമാൻ, സ്റ്റീൽ ഇൻഡസ്ട്രീസ് കേരളാ ലിമിറ്റഡ് ചെയർമാൻ എന്നീ പദവികളും അദ്ദേഹം വഹിച്ചിട്ടുണ്ട്.

തികഞ്ഞ മനുഷ്യസ്നേഹിയായ ഒരു രാഷ്ട്രീയ നേതാവിനെയും കരുത്തുറ്റ ഒരു വ്യവസായിയെയുമാണ് എ.യൂനസ് കുഞ്ഞിന്റെ നിര്യാണത്തിലൂടെ നമുക്ക് നഷ്ടമായിരിക്കുന്നത്.

<u>ലതാ മങ്കേഷ്കർ</u>

ഭാരതത്തിന്റെ വാനമ്പാടി ഭാരതരത്നം ലതാ മങ്കേഷ്കർ 2022 ഫെബ്രുവരി 6-ന് നമ്മെ വിട്ടുപിരിഞ്ഞു. ലോകമെങ്ങുമുള്ള ഇന്ത്യാക്കാരെ ഒരേ ചരടിൽ കോർത്തിണക്കുന്ന മാസ്മരിക സംഗീതമാണ് ലതാ മങ്കേഷ്കറിന്റേത്. അവർ ഇന്ത്യക്കാരുടെ മാത്രമല്ല, ഉപഭൂഖണ്ഡത്തിലെയാകെ ജനങ്ങളുടെ പ്രിയ ഗായികയാണ്.

വിവിധ ഭാഷകൾ സംസാരിക്കുകയും വ്യത്യസ്ത ദേശീയതകൾ ഉൾക്കൊള്ളുകയും ചെയ്യുന്ന ഇന്ത്യയിലെ ജനങ്ങളാകെ ഒരേ തീവ്രതയോടെ ആരാധിക്കുന്ന ഗായികയാണ് ലത. സ്വാതന്ത്ര്യപൂർവ്വ ഇന്ത്യയിൽ പാടിത്തുടങ്ങിയ അവർ 75 വർഷം ഇന്ത്യൻ ചലച്ചിത്ര പിന്നണിഗാന

മേഖലയിൽ ഉജ്ജ്വല ശോഭയോടെ പ്രശോഭിച്ച കലാകാരിയാണ്. ഗുലാം ഹൈദർ മുതൽ എ. ആർ. റഹ്മാൻ വരെയുള്ള സംഗീത സംവിധായകരുടെ സംഗീത ഭാവനകൾക്ക് അവർ സാക്ഷാത്കാരം നൽകി; തലമുറകളെ അവർ പാടിയുണർത്തി. ഇനിയുള്ള തലമുറകളും നെഞ്ചേറ്റുന്നതായിരിക്കും അവരുടെ മഹത്തായ സംഗീതമെന്ന് നിസ്സംശയം പറയാൻ കഴിയും. നമ്മുടെ രാജ്യത്തിന്റെ ഐക്യത്തിന്റെയും അഖണ്ഡതയുടെയും ദേശീയോദ്ഗ്രഥനത്തിന്റെയും തിളങ്ങുന്ന പ്രതീകമായി ചരിത്രത്തിൽ രേഖപ്പെടുത്തേണ്ട നാമമാണ് ലത മങ്കേഷ്കറിന്റേത്.

മധ്യപ്രദേശിലെ ഇൻഡോറിൽ 1929 സെപ്റ്റംബർ 28-നാണ് സംഗീതജ്ഞനും നാടക കലാകാരനുമായ പണ്ഡിറ്റ് ദീനാനാഥ് മങ്കേഷ്കറുടെയും ശെവന്തിയുടെയും മൂത്ത മകളായി ലത ജനിച്ചത്. അച്ഛന്റെ അകാല നിര്യാണത്തോടെ കുടുംബഭാരം ഏൽക്കേണ്ടിവന്ന ലത 1942-ൽ തന്റെ പതിമൂന്നാം വയസ്സിലാണ് സിനിമാ ഗാനാലാപന രംഗത്തേയ്ക്ക് വന്നത്. ഘനഗംഭീര ശാരീരമുള്ള നൂർജഹാനും ഹംഷാദ് ബീഗവും പ്രശസ്തിയുടെ കൊടുമുടിയിൽ നിൽക്കുന്ന കാലത്താണ് നേർത്ത ശബ്ദമുള്ള ലത കടന്നുവന്നത്. പക്ഷെ ലതയുടെ ശാരീരത്തിന്റെ ഭാവഗാംഭീര്യം

അനുപമമായിരുന്നു. ഹിന്ദി സിനിമാ പിന്നണിഗാന മേഖലയിൽ ലതയുടെ സ്ഥാനം ഉറപ്പിച്ചതും ഇതുതന്നെയാണ്. 1949-ൽ പുറത്തിറങ്ങിയ 'മഹൽ' എന്ന സിനിമയിലെ 'ആയേഗാ ആനേവാലാ' എന്ന ഗാനം ജനകോടികൾ ഏറ്റുപാടി. അന്ദാജ്, ബർസാത് എന്നീ സിനിമകളിലെ ഗാനങ്ങളോടെ ബോളിവുഡിലെ എക്കാലത്തെയും മികച്ച ഗായികയായി അവർ ഉയർന്നു. പിന്നീടുള്ള ഏഴ് പതിറ്റാണ്ടുകൾ ലത തന്റെ സംഗീതത്താൽ തലമുറകളെ ഹിന്ദോളമാട്ടി.

1962-ലെ യുദ്ധത്തിനുശേഷം 1963-ൽ റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ച് ഡൽഹിയിൽ നടത്തിയ പ്രത്യേക പരിപാടിയിൽ, കവി പ്രദീപ് എഴുതി സി. രാംചന്ദ്ര സംഗീതം പകർന്ന 'ഏ മേരേ വതൻ കീ ലോഗോം' എന്ന ഗാനം ലത പാടിയപ്പോൾ സദസ്സിലുണ്ടായിരുന്ന പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ കണ്ണുകൾ ഈറനണിഞ്ഞു. ആ ഗാനം രാജ്യത്താകെ അലയടിച്ചു. ഇന്ത്യയിലെ പ്രധാന ഭാഷകളിലെല്ലാം ലത ഗാനങ്ങൾ ആലപിച്ചു. മലയാളത്തിൽ 'നെല്ല്' എന്ന സിനിമയിൽ വയലാർ രാമവർമ്മ എഴുതി സലിൽ ചൗധരി സംഗീതം നൽകി, ലത പാടിയ 'കദളി കൺകദളി ചെങ്കദളി പൂ വേണോ' എന്ന ഗാനം

പ്രശസ്തമാണ്.

സംഗീതത്തിനായി സമർപ്പിതമായ മഹത് ജീവിതമായിരുന്നു ലതയുടേത്. സംഗീതത്തിലൂടെ അവർ അമരത്വം നേടിയിരിക്കുന്നു. നമ്മുടെ രാജ്യത്തിന്റെ മഹത്തായ പ്രതീകങ്ങളിലൊന്നായ ലതാ മങ്കേഷ്കറുടെ ദീപ്ത സ്മരണയ്ക്ക് മുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

അന്തരിച്ച മഹത്‌വ്യക്തികളോടുള്ള ആദരസൂചകമായി നമുക്ക് അല്പസമയം എഴുന്നേറ്റ് നിൽക്കാം.

(പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പനേരം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.)